പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2600 **28-10-2026-ൽ മറുപടിയ്ക്ക്**

നൈപുണ്യ വികസന കേന്ദ്രങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. മനോജ് മൂത്തേടൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് തൊഴിൽരഹിതർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് പുറമേ ആധുനിക തൊഴിൽ സാധ്യതകളെ മുന്നിൽക്കണ്ടുകൊണ്ടുള്ള നൈപുണ്യശേഷി വികസിപ്പിക്കുന്നതിന് കൂടുതൽ പരിശീലനം നൽകി ഗ്രാമീണ മേഖലകളിൽ തൊഴിൽ നൽകുന്നതിന് വേണ്ടി തദ്ദേശ സ്വയംഭരണസ്ഥാപന തലത്തിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

മറുപടി: വ്യാവസായിക പരിശീലന വകുപ്പ് മുഖാന്തിരം 109 സർക്കാർ ഐ.ടി.ഐകളിലൂടെയും, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മുഖാന്തിരം ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങളിലൂടെയും, മികവിന്റെ കേന്ദ്രങ്ങളിലൂടെയും സംസ്ഥാനത്ത് നൈപുണ്യ പരിശീലനം നൽകി വരുന്നുണ്ട്. തദ്ദേശ സ്വയംഭരണസ്ഥാപന തലത്തിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ